**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 156** **01-09-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ,<br>ശ്രീ ഒ . ആർ. കേളു<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലുള്ള സമീപന രേഖയെ ആസ്പദമാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി രൂപീകരണം പൂർത്തിയായിട്ടുണ്ടോ; | (എ) | 2022 ആഗസ്റ്റ് 25 വരെയുള്ള കണക്ക് പ്രകാരം, പുറമറ്റം ഗ്രാമപഞ്ചായത്തും മട്ടന്നൂർ മുനിസിപ്പാലിറ്റിയും ഒഴികെയുള്ള സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 2022-23 വാർഷിക പദ്ധതി രൂപീകരണം പൂർത്തിയാക്കി ജില്ലാ ആസൂത്രണ സമിതികൾക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ അധികാര വിപുലീകരണത്തോടൊപ്പം കൂടുതൽ വികസന ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഓരോ പഞ്ചായത്തിലും ഇരുപത് സംരംഭങ്ങൾ വീതമെങ്കിലും ആരംഭിക്കുന്നതിന് വേണ്ട ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം സംസ്ഥാന പദ്ധതി അടങ്കലിന്റെ 26% ആയിരുന്നതിൽ നിന്ന് നടപ്പ് സാമ്പത്തിക വർഷം 26.5% ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം സംസ്ഥാനത്തെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് 2021-22 സാമ്പത്തികവർഷത്തിൽ 7180 കോടി രൂപ വികസന ഫണ്ടിനത്തിൽ അനുവദിച്ചത്, 2022-23 വർഷത്തിൽ 8048 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രാദേശിക സർക്കാരുകൾക്കുള്ള വികസന ഫണ്ട് സംസ്ഥാന പദ്ധതി അടങ്കലിന്റെ 30% ആകുന്നതുവരെ തുടർന്നുള്ള ഓരോവർഷവും 0.5% വീതം വർദ്ധിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>2022-23 സംരംഭക വർഷമായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരളത്തിൽ ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെ ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ബൃഹത്തായ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആയിരം പേരിൽ അഞ്ച് പേർക്ക് തൊഴിൽ നൽകുന്നതിനുള്ള പ്രത്യേക പദ്ധതി പ്രാദേശിക സാമ്പത്തിക വികസനമെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ചിട്ടുണ്ട്. കുടുംബശ്രീ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 15,000 സൂക്ഷ്മ |

| | | | |
|---|---|---|---|
| | | | സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യം വെച്ചിട്ടുണ്ട്. ആയതിൻറെ ഭാഗമായി ഓരോ പഞ്ചായത്തിലും ഇരുപത് വീതം സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും, K-DISC, കുടുംബശ്രീ എന്നിവയുമായി ചേർന്ന് 20 ലക്ഷം പേർക്ക് തൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. വ്യവസായ വകുപ്പുമായി ചേർന്ന് 'ONE LOCAL BODY - ONE PRODUCT' എന്ന പദ്ധതി കൂടി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംരംഭങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും സംരംഭകർക്ക് നൽകുന്നതിനും തദ്ദേശ സ്ഥാപനങ്ങളിൽ ഇതിനായി നിയമിച്ചിട്ടുള്ള ഇന്റേർണുകളുടെ ചുമതലകൾ നിശ്ചയിച്ചും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. |
| (സി) | പുതുതായി ഇരുപത്തി അയ്യായിരത്തോളം എഞ്ചിനീയർമാർക്ക് തൊഴിൽ നൽകിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിർമാണ പ്രവൃത്തികളുടെ കാര്യക്ഷമതയും ഗുണനിലവാരവും ഉറപ്പുവരുത്താൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (സി) | തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കപ്പെടുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ നിർവ്വഹണ പ്രവൃത്തികളിലും സർട്ടിഫൈഡ് കൺസ്ട്രക്ഷൻ പ്രൊഫഷണൽസ് എന്ന നാമധേയത്തിൽ, രജിസ്ട്രേഷൻ ലഭിക്കുന്ന സാങ്കേതിക വിദ്യ അഭ്യസിച്ചിട്ടുള്ള വ്യക്തികൾക്ക് കരാറിലൂടെ തന്നെ വേതനം ഉറപ്പുവരുത്തി തൊഴിൽ നൽകാൻ തത്വത്തിൽ തീരുമാനമെടുക്കുകയും, ആയതിന് വേണ്ടി വകുപ്പിന്റെ പൊതുമരാമത്ത് നിർവ്വഹണ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. പതിനായിരത്തിനും ഇരുപത്തി അയ്യായിരത്തിനും ഇടയിൽ യുവ എഞ്ചിനീയർമാർക്ക് ഇതുവഴി അവസരം ലഭിക്കും. |

സെക്ഷൻ ഓഫീസർ